സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മരണമടയുന്ന തൊഴിലാളിയുടെ നിയമാനന്തരാശ്രിതന് അർഹത തെളിയിക്കുന്ന പക്ഷം 25,000 രൂപ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി പ്രകാരം നൽകിവരുന്നുണ്ട്. കഴിഞ്ഞ 2 വർഷങ്ങളിലായി ഏകദേശം 23 ലക്ഷം രൂപ മരണപ്പെട്ട തൊഴിലാളികളുടെ ആശ്രിതർക്ക് നൽകിക്കഴിഞ്ഞു.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി മുഖാന്തിരം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മാരകരോഗ ചികിത്സാ ധനസഹായം, അവരുടെ മക്കൾക്ക് വിദ്യാഭ്യാസ വിവാഹ ധനസഹായങ്ങൾ, മരണാനന്തര ധനസഹായം എന്നിവ നൽകിവരുന്നു. സഞ്ചരിക്കുന്ന ചികിത്സാ യൂണിറ്റ് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ചുമതലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ

206 (3642) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ആരുടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) നൈപുണ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 28-3-2012-ൽ സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിച്ച സെക്ഷൻ 25 കമ്പനിയായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ ഉദ്ദേശലക്ഷ്യം വിവിധ മേഖലയിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുക എന്നതാണ്. ടി കേന്ദ്രങ്ങളിലൂടെ അതതു മേഖലകളിൽ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) വിവിധ മേഖലകളിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനു അതതു മേഖലയിൽ മികവ് പുലർത്തുന്ന സ്വകാര്യ പങ്കാളിയെ സർക്കാർ അനുശാസിക്കുന്ന നടപടിക്രമങ്ങളിലൂടെകണ്ടെത്തി, തുടർന്ന് KASE-മായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുക വഴി അവരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ഡി) KASE മുഖേന വിവിധ മേഖലയിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തി പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

വ്യാജതൊഴിലാളി കാർഡുകൾ

207 (3643) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ തൊഴിലാളി കാർഡുകൾ ആരെങ്കിലും അനർഹമായി കരസ്ഥമാക്കി യതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരം കാർഡുകൾ കൈവശപ്പെടുത്തിയവരെ കണ്ടെത്താനും ഇവ റദ്ദുചെയ്യാനും നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly